# മധുരമായ കുട്ടികളേ - നിങ്ങൾക്ക് ലൗകിക അലൗകിക പരിവാരത്തോടുള്ള കടമ നിറവേറ്റണം, എന്നാൽ ആരിലും മോഹം വെയ്ക്കരുത്, മോഹത്തെ ജയിച്ചവരാകണം

**ചോദ്യം:-** ഇത് കണക്കെടുപ്പിന്റെ സമയമാണ്, അതുകൊണ്ട് ബാബയുടെ ഏതൊരു നിർദ്ദേശം എല്ലാവരെയും കേൾപ്പിച്ചുകൊണ്ടിരിക്കണം?
**ഉത്തരം:-** ബാബയുടെ ശ്രേഷ്ഠ നിർദ്ദേശം കേൾപ്പിച്ചുകൊണ്ടിരിക്കൂ അതായത് കണക്കെടുപ്പിന് മുൻപേ തന്റെ പാപങ്ങളുടെ കണക്കുകൾ തീർപ്പാക്കൂ. തന്റെ ഭാവി ശ്രേഷ്ഠമാക്കുന്നതിന് വേണ്ടി ബാബയിൽ പരിപൂർണ്ണമായും സമർപ്പണമാകൂ. കണക്കെടുപ്പിന് മുൻപേ ജ്ഞാന-യോഗത്തിലൂടെ മുക്തി-ജീവൻമുക്തിയുടെ സമ്പത്തെടുക്കൂ. മുഴുവൻ പുരുഷാർത്ഥവും ഇപ്പോൾ തന്നെ ചെയ്യണം. ബാബയിൽ എല്ലാം തന്നെ സമർപ്പണം ചെയ്യുകയാണെങ്കിൽ 21 ജന്മത്തേക്ക് ലഭിക്കും. ബാബയുടേതായി ഓരോ ചുവടിലും നിർദ്ദേശമെടുത്തുകൊണ്ടിരിക്കൂ.

**ഓം ശാന്തി**. അച്ഛനിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് 3 പിതാക്കൻമാരോട് കടമ നിറവേറ്റണം. ഭക്തിമാർഗ്ഗത്തിൽ 2 അച്ഛന്മാരോട് കടമ നിറവേറ്റണ്ടതുണ്ട്. സത്യയുഗത്തിലായിരുന്നപ്പോൾ ഒരു പിതാവിനോടാണ് കടമ നിറവേറ്റേണ്ടത്. ശരിയല്ലേ? കണക്ക് ബുദ്ധിയിലിരിക്കുന്നില്ലേ? ആരുടേതായാണോ മാറുന്നത്, അവരോട് കടമയും നിറവേറ്റേണ്ടതായുണ്ട് അതുകൊണ്ടാണ് ബാബ പറയുന്നത് അവസാനം വരേയ്ക്കും ലൗകീക കുടുംബത്തോടുമുള്ള കടമ നിറവേറ്റണം. ഏതെങ്കിലും ലൗകീക ബന്ധുവിന് കത്തെഴുതുകയാണെങ്കിലും *പോസ്റ്റ്* വഴിയാണ് പോകുന്നത്. ഇവിടെയും ബാബയ്ക്ക് കത്തെഴുതുന്നു, ശിവബാബ *കെയർ ഓഫ്* ബ്രഹ്മാ. ഈ കാര്യങ്ങളെ നിങ്ങളല്ലാതെ മറ്റാരും മനസ്സിലാക്കുന്നില്ല. ഇവിടെ ഏതെങ്കിലും പുതിയ ആൾ വരുന്നു, അപ്പോൾ ബാബ പറയുകയാണ്, നിങ്ങൾക്ക് 3 പിതാക്കൻമാരുണ്ട്, എങ്കിൽ മനസ്സിലാക്കാൻ സാധിക്കില്ല. ഒന്ന് ലൗകിക പിതാവ്. രണ്ടാമത്തേത്- ഈ സംഗമയുഗീ അലൗകീക പിതാവ്, മൂന്നാമത്തേതാണ് എല്ലാവരുടെയും പാരലൗകീക പിതാവ്. ഭക്തി മാർഗ്ഗത്തിലുമുണ്ട് ഇപ്പോഴുമുണ്ട്. ഇതാരും അറിയുന്നില്ല. കേവലം മഹിമയും പൂജയും നടത്തുന്നു. നിങ്ങൾ കുട്ടികൾക്ക് മൂന്ന് പിതാക്കൻമാരുടെയും തന്നെ ജീവിത കഥ അറിയാം.

സത്യയുഗത്തിൽ എല്ലാവരും സദ്ഗതിയിലാണ്. സദാ സുഖിയാണ്. എല്ലാവരും സുഖധാമത്തിലും, ശാന്തിധാമത്തിലുമാണ്. രാവണ രാജ്യത്തിൽ എല്ലാവരും ദുഃഖികളാണ്. ദേവതകൾ വാമമാർഗ്ഗത്തിലേക്ക് പോകുമ്പോൾ വീഴാൻ തുടങ്ങുന്നു. സ്വർണ്ണത്തിന്റെ ദ്വാരക ജലത്തിനടിയിലേക്ക് പോയതായി കാണിക്കുന്നുണ്ട്. ഈ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. പുതിയത് മുകളിലേക്ക് വരുമ്പോൾ പഴയത് താഴേക്ക് പോകും. പിന്നീട് സത്യയുഗം താഴേക്ക് പോകുമ്പോൾ കലിയുഗം മുകളിലേക്ക് വരും. വീണ്ടും സത്യയുഗം എപ്പോഴാണ് വരിക? അയ്യായിരം വർഷങ്ങൾക്ക് ശേഷം. കുട്ടികളുടെ ബുദ്ധിയിൽ ഈ മുഴുവൻ ചക്രവും വന്നിരിക്കുന്നു. ജ്ഞാനം സഹജമാണ്. കേവലം യോഗത്തിന്റെ പരിശ്രമമാണ് ചെയ്യേണ്ടത്. ചിലർ കൂടുതൽ ഓർമ്മിക്കുന്നു, ചിലർ കുറച്ച് ഓർമ്മിക്കുന്നു. അപ്പോൾ മാതാ-പിതാവ് കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ് - ലൗകിക സംബന്ധികളോടും കടമ നിറവേറ്റണം. ഇന്നല്ലെങ്കിൽ നാളെ അവരുടെയും ബുദ്ധിയിൽ വരും. ഇത് ശരിയാണല്ലോ എന്ന് മനസ്സിലാക്കും. ഒരു ബാബയെ ഓർമ്മിക്കണം. ഒരു സാധു-സന്യാസി, ഗുരുവിനെയും ഓർമ്മിക്കരുത്. ചൈതന്യമായതിനെയും ഓർമ്മിക്കുന്നുണ്ട് ജഡമായതിനെയും ഓർമ്മിക്കുന്നുണ്ട്. സത്യയുഗത്തിൽ ആരിലും മോഹമുണ്ടായിരിക്കില്ല. അവിടെ മോഹ ജീത്തായിരിക്കും. ഇവിടെ എല്ലാവരിലും മോഹമാണ്. വ്യത്യാസമല്ലേ. *ഡ്രാമയിൽ* ഓരോ യുഗത്തിന്റെയും രീതി-സമ്പ്രദായങ്ങൾ വ്യത്യസ്തമാണ്. ഇത് ബാബയിരുന്നാണ് മനസ്സിലാക്കി തരുന്നത് എന്തുകൊണ്ടെന്നാൽ ബാബ *നോളജ്ഫുളാണ്*. ഇതും ബാബയാണ് അതും ബാബയാണ്. ശിവബാബയും രചയിതാവാണ്, ബ്രഹ്മാവും രചയിതാവാണ്. ബ്രഹ്മാവിലൂടെയാണ് രചിക്കുന്നത്. ദത്തെടുക്കുന്നു. ദത്തെടുക്കുകയെന്നാൽ തന്റേതാക്കുക. ശൂദ്ര ധർമ്മത്തിലുള്ളവർ, ആരാണോ വളരെ ജന്മങ്ങളെടുത്ത് അന്തിമ ജന്മത്തിലെത്തിയത് അവരെയാണ് ബാബ ദത്തെടുക്കുന്നത്. നിങ്ങൾ കുട്ടികൾ ബാബയെ അറിഞ്ഞിരിക്കുന്നു ബാബയിലൂടെ സൃഷ്ടി ചക്രത്തെയും അറിഞ്ഞിരിക്കുന്നു. ബാബയിലൂടെ എന്ത് സമ്പത്താണ് ലഭിക്കുന്നത്, അതും അറിഞ്ഞിരിക്കുന്നു. നിങ്ങൾ വലിയവരാണ്, മനസ്സിലാക്കുന്നുണ്ട് അതുകൊണ്ടാണ് ദത്തെടുത്തിരിക്കുന്നത്. മനസ്സിലാകാത്തവരെ എങ്ങനെയാണ് ദത്തെടുക്കുക. ആർക്കെങ്കിലും കുട്ടികളില്ലെങ്കിൽ അവർ മറ്റുള്ളവരുടെ കുട്ടികളെ തന്റേതാക്കാറുണ്ട്. ധനവാന്റെ തന്നെ

കുട്ടിയായാണ് മാറുക. ദരിദ്രന്റെ കുട്ടിയാകില്ല. ബാബ പറയുന്നു എനിക്ക് കുട്ടികൾ വേണം. തീർച്ചയായും ദത്തെടുക്കും. ഇതും നിങ്ങൾക്കറിയാം – ദത്തെടുക്കുന്നതും അവരെയാണ് ആരെയാണോ കൽപം മുൻപും ദത്തെടുത്തിട്ടുള്ളത്. എന്ത് *പാർട്ടാണോ* കൽപം മുൻപ് നടന്നത്, അതേ കർത്തവ്യം ആവർത്തിച്ചു കൊണ്ടിരിക്കും. എപ്പോൾ എന്റേതാകുന്നോ അപ്പോൾ അവരെ പഠിപ്പിക്കും. ബാബയെയും വീടിനെയും ഓർമ്മിക്കൂ. സുഖധാമത്തെയും ശാന്തിധാമത്തെയും ഓർമ്മിക്കുക – വളരെ സഹജമാണ്. എന്നാൽ ബുദ്ധി വളരെ വിശാലമായിരിക്കണം. ചെറിയ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കില്ല. അവർ കേവലം ബാബാ, ബാബായെന്ന് പറയും മറ്റാരുടെയും അടുത്തേക്ക് പോകുകയുമില്ല. ഇവിടെ എല്ലാം ഗുപ്തമായ കാര്യങ്ങളാണ്. ബുദ്ധിക്ക് ശക്തി ലഭിക്കുന്ന അറിവുമുണ്ട്. ശക്തി ലഭിക്കുന്നതിലൂടെ സ്വർണ്ണത്തിന്റേതായി മാറുന്നു. ആരെങ്കിലും ദുർബലരാണെങ്കിൽ അവരെ സ്വർണ്ണത്തിന്റെ ലായനി കഴിപ്പിക്കാറുണ്ട്. സ്വർണ്ണത്തിന്റെ പാനീയവും ഉണ്ടാക്കാറുണ്ട്. ഇവിടെ നിങ്ങൾക്ക് ആത്മീയ ജ്ഞാനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ ജ്ഞാനം തന്നെയാണ് വരുമാനം. എല്ലാവർക്കും ലഭിക്കുന്നത് ഒരോ ജ്ഞാനമാണ്, പിന്നീട് അവരവരുടെ പുരുഷാർത്ഥമാണ്. ഇതിൽ സംശയിക്കേണ്ടതിന്റേയോ ഭയപ്പെടുന്നതിന്റേയോ കാര്യമില്ല. കേവലം ബാബയെ ഓർമ്മിക്കണം. ബാബയുടെ സമ്പത്തിനെ ഓർമ്മിക്കണം. മുഴുവൻ ദിവസവും നിരന്തരം ഓർമ്മിക്കാൻ സാധിക്കില്ല. ജോലി മുതലായവയും ചെയ്യണം. ചിലർക്കാണെങ്കിൽ ജോലിയൊന്നും തന്നെയില്ല, എന്നിട്ടും ഓർമ്മിക്കാൻ സാധിക്കുന്നില്ല. ഏതുവരെ കർമ്മാതീത അവസ്ഥ ഉണ്ടാകുന്നില്ലയോ, പുരുഷാർത്ഥം ചെയ്തുകൊണ്ടേയിരിക്കണം. ആ വായുമണ്ഡലം കാണപ്പെടും, മനസ്സിലാക്കും ഇപ്പോൾ സമയം അടുത്തെത്തിക്കഴിഞ്ഞു. എപ്പോൾ വളരെ ദുഃഖം വരുന്നുവോ അപ്പോൾ ഭഗവാനെ തന്നെ ഓർമ്മിച്ചുകൊണ്ടിരിക്കും. മരണം മുന്നിൽ കാണപ്പെടും. നിങ്ങളിലും എല്ലാവർക്കും സ്വന്തം അവസ്ഥ അറിയാൻ സാധിക്കും അതായത് എന്റെ സമ്പാദ്യം കുറവാണ്. യോഗമുണ്ടെങ്കിൽ ആത്മാവിൽ നിന്ന് കറ ഇല്ലാതായിക്കൊണ്ടിരിക്കും. പിന്നീട് ബാബയും ബുദ്ധിയുടെ പൂട്ട് *ലൂസാക്കും*. മനുഷ്യർ രോഗങ്ങളിൽ ഈശ്വരനെ ഓർമ്മിക്കുന്നു, പേടിയുണ്ടായിരിക്കും. എല്ലാവരും ഭഗവാനെ ഓർമ്മിപ്പിക്കുന്നു – രാമ നാമം ജപിക്കൂ, രാമ നാമം ജപിക്കൂ എന്ന് പറയും. ബാബയും പറയുന്നു ബാബയെയും സമ്പത്തിനെയും ഓർമ്മിച്ചുകൊണ്ടേയിരിക്കൂ. പരസ്പരം ജാഗ്രതപ്പെടുത്തി ഉന്നതി പ്രാപിക്കണം. പതിയെ ശ്രദ്ധിക്കുകയും, പത്നിയെ ശ്രദ്ധിക്കാതിരിക്കുകയും, അങ്ങനെയാകരുത്. ഇത് അർദ്ധ പങ്കാളികളായി യോജിപ്പിക്കപ്പെട്ടവരാണ്, എന്നാൽ ഇന്നത്തെകാലത്ത് തുല്യ പങ്കാളികളാണെന്ന് പോലും മനസ്സിലാക്കുന്നില്ല. ചിലർ ബഹുമാനം കൊടുക്കുന്നു. ഇന്ന് ഇങ്ങനെയുള്ള മക്കളും ഉണ്ട് അച്ഛന്റെ സ്വത്ത് അമ്മയോട് പോലും ചോദിക്കാതെ തട്ടിയെടുക്കുന്നു. അവിടെ ഇത്തരം കാര്യങ്ങളൊന്നും തന്നെ ഉണ്ടായിരിക്കില്ല, ഒരിക്കലും ദുഃഖമുണ്ടായിരിക്കില്ല. ഇവിടെ ആദ്യമേ തന്നെ ദുഃഖമാണ് ലഭിക്കുന്നത്, നിശ്ചയം നടന്നു കാമ വികാരവും ആരംഭിച്ചു. ദേവിമാർക്ക് വാൾ മുതലായവ കാണിക്കാറുണ്ട്. വാസ്തവത്തിൽ ഇത് ജ്ഞാനത്തിന്റെ അലങ്കാരമാണ്. സ്വദർശന ചക്രവും ദേവതകൾക്കില്ല. ഇത് നിങ്ങൾ ബ്രാഹ്മണരുടേതാണ്. ഗദയും നിങ്ങളുടെ അടയാളമാണ്. ജ്ഞാനത്തിന്റെ ഗദയിലൂടെ നിങ്ങൾ മായയിൽ വിജയം നേടുന്നു. അല്ലാതെ അവിടെ ഇത്തരം വസ്തുക്കളുടെ ആവശ്യം ഉണ്ടായിരിക്കില്ല. അവിടെ വളരെ ആനന്ദത്തിലാണ് കഴിയുന്നത്. തപസ്യ ചെയ്യേണ്ടതിന്റെ പോലും ആവശ്യകതയില്ല. അത് തന്നെ തപസ്യയുടെ ഫലമാണ്. സൂക്ഷ്മവതനത്തിലുള്ളത് ഫരിസ്തകളാണ്. അതാണ് ഫരിസ്തകളുടെ ലോകം. ഇവിടെ ഫരിസ്തകൾ വസിക്കില്ല. ദേവതകളെ ദേവതകൾ എന്ന് തന്നെയാണ് പറയുക. സൂക്ഷ്മലോകത്തിലുള്ളതാണ് ഫരിസ്തകൾ ഇവിടെയുള്ളതാണ് മനുഷ്യർ. എല്ലാവരുടേതും വേറെ–വേറെ *സെക്ഷനുകളാണ്*. സത്യയുഗത്തിൽ ദേവതകളാണ് രാജ്യം ഭരിക്കുന്നത്. അതാണ് ശബ്ദത്തിന്റെ ലോകം. സൂക്ഷ്മവതനം ചലനങ്ങളുടെ ലോകമാണ്. ലോകവും 3 എണ്ണമാണ്, മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം. മൂന്ന് ലോകമെന്ന് പറയാറില്ലേ. നിങ്ങളുടെ ബുദ്ധിയിൽ ഇത് പ്രായോഗിക രൂപത്തിലുണ്ട്. മനുഷ്യർ കേട്ടു–കേൾവികളിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ ലോകത്തിന്റെ ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്ന് നിങ്ങൾക്ക് വളരെ നന്നായി അറിയാം. മൂന്ന് ലോകങ്ങളെയും അറിയാം. ബാബക്കല്ലാതെ മറ്റാർക്കും ആദി–മദ്ധ്യ–അന്ത്യത്തിന്റെ രഹസ്യം പറഞ്ഞ് തരാൻ സാധിക്കില്ല. ആരും തന്നെ ത്രികാലദർശികളല്ല. മൂലവതനത്തിൽ എവിടെ, എങ്ങനെയാണ് ആത്മാക്കൾ വസിക്കുന്നതെന്ന് ആർക്കും തന്നെ അറിയില്ല. അവിടെ ആത്മാക്കളുടെ വൃക്ഷമുണ്ടെന്ന് നിങ്ങൾക്കറിയാം. അവിടെ നിന്ന് സംഖ്യാക്രമത്തിലാണ് വരുന്നത്. നമ്മൾ എല്ലാ ആത്മാക്കളാകുന്ന കുട്ടികളും ശിവബാബയുടെ മാലയാണ്. വൃക്ഷം ഉണ്ടാക്കുന്നത് പോലെ. ക്രിസ്ത്യാനികളും വൃക്ഷമുണ്ടാക്കാറുണ്ട്. ആഘോഷിച്ച് സന്തോഷിക്കുന്നു. ക്രിസ്തുവിന്റെ ജന്മദിനം ആഘോഷിക്കുന്നു. ഇപ്പോൾ നിങ്ങൾ ആരുടെ ജന്മദിനം ആഘോഷിക്കും? നമ്മുടെ ധർമ്മസ്ഥാപകൻ ആരാണെന്ന് മനുഷ്യർക്കറിയില്ല. മറ്റെല്ലാ ധർമ്മ സ്ഥാപകരുടെയും മുഴുവൻ വിവരങ്ങളും അറിയാം. ദേവീ–ദേവതാ ധർമ്മം ആരാണ് സ്ഥാപിച്ചത്, ഇതാർക്കും അറിയില്ല. ബാബയിരുന്ന് മനസ്സിലാക്കി തരുന്നു, ഭൂരിപക്ഷം മാതാക്കളുടേതാണ്. ശക്തികളുടെ മഹത്വം വർദ്ധിപ്പിക്കണം. ഞാൻ സമർത്ഥനാണെന്ന ദേഹ–അഭിമാനം

വരരുത്. എങ്കിലും മാതാക്കൾക്ക് മാന്യത കൊടുക്കണം. പേര് തന്നെ ബ്രഹ്മാകുമാരീ വിശ്വവിദ്യാലയം എന്നാണ്. ജ്ഞാനത്തിന്റെ കലശം മാതാക്കളുടെ ശിരസ്സിലാണ് വെയ്ക്കുന്നത്. അവർ സമർത്ഥരാണ്. സരസ്വതിയുടെ കൈയിൽ വീണ നൽകിയിട്ടുണ്ട്. കൃഷ്ണന്റെയും സരസ്വതിയുടെയും *കണക്ഷനെക്കുറിച്ചും* അറിയില്ല. സരസ്വതി ബ്രഹ്മാവിന്റെ മകളാണ്. ഇതും വളരെ ചുരുക്കം പേർക്കേ അറിവുണ്ടായിരിക്കൂ. ഓരോ കാര്യവും വളരെ നല്ലരീതിയിൽ മനസ്സിലാക്കി തരുന്നു.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് – ഈ ജ്ഞാന യോഗം കൂടാതെ ആർക്കും മുക്തിയും ജീവൻമുക്തിയും നേടാൻ സാധിക്കില്ല. ഇത് എല്ലാവരും പഠിക്കുകയുമില്ല. ഓരോരുത്തർക്കും അവരവരുടെ കണക്കുകൾ തീർപ്പാക്കണം. പാപത്തിന്റെ ശിക്ഷ ലഭിക്കുക തന്നെ ചെയ്യുന്നു. ഇപ്പോൾ കണക്കെടുപ്പിന്റെ സമയമാണെന്ന് ലോകത്തിലുള്ളവർ മനസ്സിലാക്കുന്നില്ല. നിങ്ങളുടെ എല്ലാ പാപത്തിന്റെ കണക്കും തീർപ്പാകുന്നു. ഭാവിയിലേക്ക് ഇത്രയും സമ്പാദിക്കണം അത് അരകൽപം നിലനിൽക്കണം. മുഴുവൻ പുരുഷാർത്ഥവും ഇപ്പോൾ ചെയ്യണം. ബാബ പറയുന്നു എല്ലാം സമർപ്പണം ചെയ്യുകയാണെങ്കിൽ 21 ജന്മത്തേക്ക് ലഭിക്കും. ദരിദ്രർക്ക് പെട്ടെന്ന് ഈ വ്യാപാരം ചെയ്യാൻ സാധിക്കുന്നു. ആരുടെ പക്കലാണോ ലക്ഷങ്ങളും കോടികളുമുള്ളത്, അവരുടെ ബുദ്ധിയിൽ ഇരിക്കില്ല. ബാബ ഒന്നും തന്നെ എടുക്കുന്നില്ല. പറയുന്നു– നിങ്ങൾ *ട്രസ്റ്റിയായി* സംരക്ഷിക്കൂ. നിങ്ങൾ ശ്രീമതത്തിലൂടെ നടക്കൂ. ഞാൻ ജീവനോടെയുണ്ട്. ചിലർ ജീവിച്ചിരിക്കെ തന്നെ *ട്രസ്റ്റിന്* നൽകാറുണ്ട്. കരുതുന്നു പെട്ടെന്ന് മരണം സംഭവിച്ചാൽ വഴക്കുകളുണ്ടാകും. ബാബയും ജീവിച്ചിരിപ്പുണ്ട്. പറയുന്നു – ബാബയുടേതായി നിർദ്ദേശമെടുക്കൂ, ഇത് ചെയ്യട്ടേ അതോ വേണ്ടേ. ബാബ നിർദ്ദേശം നൽകും ഇങ്ങനെ ചെയ്യൂ – ഓരോരുത്തരുടെയും അവസ്ഥയാണ് ആധാരം. ചിലർ വിൽപത്രം പോലും എഴുതി നൽകാറുണ്ട്. ധാരാളം പേരിൽ മോഹവുമുണ്ട്, സ്വന്തം കാലിൽ നിൽക്കാൽ കഴിയുന്നവർക്കും നൽകും. ബാബക്ക് ചില തന്ത്രശാലി കുട്ടികളുമുണ്ട് – മക്കൾക്ക് വിതരണം ചെയ്ത് ബാക്കി തന്റെ പക്കൽ വെയ്ക്കുന്നു. എന്നിട്ട് സ്വയം അതുകൊണ്ട് ജീവിക്കുന്നു. ഇങ്ങനെയും ചെയ്യാറുണ്ട്. ഇത് പരിധിയില്ലാത്ത അച്ഛനാണ്. ഓരോ കുട്ടിയെയും അറിയാം, *ഡ്രാമയെയും* അറിയാം. മനസ്സിലാക്കുന്നുണ്ട് ഇതിൽ പണത്തിന്റെ ആവശ്യമില്ല. ആ സൈന്യത്തിൽ *ഗവൺമെന്റിന്* വളരെ ചിലവുണ്ട്. നിങ്ങൾക്ക് യാതൊരു ചിലവുമില്ല. രാത്രിയും–പകലിന്റെയും വ്യത്യാസമുണ്ട്. ഈ എല്ലാ സമ്പത്തും സാധനങ്ങളുമെല്ലാം ഇല്ലാതാകുമെന്ന് നിങ്ങൾക്കറിയാം. നമുക്ക് ഭൂമി തന്നെ പുതിയതും സതോപ്രധാനവുമായത് വേണം. ഇപ്പോൾ തമോപ്രധാനമാണ്. ലക്ഷ്മിയെ ആഹ്വാനം ചെയ്യുമ്പോൾ വീട് മുഴുവൻ ശുദ്ധമാക്കാറുണ്ട്, ശുദ്ധമായ വീട്ടിൽ വേണം ദേവിക്ക് വരാൻ.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ദേവതകൾക്ക് ഈ ഭൂമിയിൽ കാൽ വെയ്ക്കാൻ സാധിക്കില്ല. അത് കേവലം സാക്ഷാത്ക്കാരമാണ് ചെയ്യിക്കുന്നത്. സാക്ഷാത്ക്കാരത്തിലും കാല് ഭൂമിയിലായിരിക്കില്ല. മീരയും സാക്ഷാത്ക്കാരത്തിൽ ദർശിച്ചിരുന്നു. ഇവിടെ ഒരു ദേവതയ്ക്കും വരാൻ സാധിക്കില്ല. ദേവതകൾ സത്യയുഗത്തിലാണുള്ളത് കലിയുഗത്തിൽ അവർക്കെതിരാണ്. ദേവതകളുടെയും അസുരൻമാരുടെയും യുദ്ധം നടന്നിട്ടില്ല. വാസ്തവത്തിൽ ഇത് മായയോടുള്ള യുദ്ധമാണ്. യോഗബലത്തിലൂടെ എല്ലാവരെയും വിജയിപ്പിക്കുന്നതും, സർവ്വരുടെയും സദ്ഗതി ദാതാവും ബാബയാണ്. ഏറ്റവുമാദ്യമുള്ളത് രുദ്രമാലയാണ്. അവിടെ ഈ മാലയെ ആരും അറിയുന്നില്ല. നിങ്ങൾ സംഗമയുഗത്തിൽ മാത്രമാണ് അറിയുന്നത്, ബ്രാഹ്മണരുടെ മാല ഉണ്ടാക്കാനും സാധിക്കില്ല. ശേഷമുള്ളത് വിഷ്ണുമാലയാണ്. ഇതെല്ലാം വിസ്താരത്തിലുള്ള കാര്യങ്ങളാണ്. ചിലർ പറയാറുണ്ട് ഞങ്ങൾക്ക് ധാരണ ചെയ്യാൻ കഴിയുന്നില്ല. ശരി പ്രശ്നമൊന്നും തന്നെയില്ല. ബാബയെ ഓർമ്മിക്കുന്നത് സഹജമല്ലേ. എങ്ങനെയാണ് നിങ്ങൾ ബാബയെ മറക്കുക. ആ ബാബയിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്താണ് ലഭിക്കുന്നത്. വളരെ വലിയ സമ്പാദ്യമാണ്. എന്നിട്ടും മായ ബുദ്ധിയുടെ യോഗം വേർപെടുത്തുന്നു. പ്രിയതമൻ അലങ്കരിച്ച് മഹാറാണിയാക്കുന്നു, അങ്ങനെയുള്ള പ്രിയതമനെ മറന്ന് പോകുന്നു. അരകൽപം മായയുടെ രാജ്യമാണ് നടക്കുന്നത്. ഇപ്പോൾ നിങ്ങൾ മായയിൽ വിജയിച്ച് ജഗത്ജീത്താകുന്നു.

ഈ മുഴുവൻ ലോകവും എങ്ങനെയാണ് നടക്കുന്നത് – ആദി മുതൽ അന്ത്യം വരെ നിങ്ങൾക്കറിയാം. നാടകം കണ്ടുകൊണ്ടിരിക്കുമ്പോൾ, അവസാനം ഇന്ന *സീനായിരിക്കുമെന്ന്* അറിയാൻ കഴിയും. ഇതിലും അങ്ങനെ തന്നെയാണ്. നിങ്ങൾക്കറിയാം *സെക്കന്റ് ബൈ സെക്കന്റ്* എന്താണോ നടക്കുന്നത് അത് *ഡ്രാമയാണ്. ഡ്രാമയുടെ* പാളത്തിൽ ഉറച്ച് കഴിയണം. എന്തെല്ലാമാണോ നടക്കുന്നത് അത് *ഡ്രാമ*. പരവശരാകേണ്ട കാര്യമില്ല. ആരെങ്കിലും ശരീരം ഉപേക്ഷിച്ചാൽ അവർക്ക് പോയി തന്റെ *പാർട്ട്* അഭിനയിക്കണം. ഒരു ശരീരം ഉപേക്ഷിച്ചു അടുത്തതെടുത്തു. നിങ്ങളുടെ ബുദ്ധിയൽ ഈ സ്വദർശന ചക്രം കറങ്ങിക്കൊണ്ടിരിക്കണം. നിങ്ങൾക്ക് ശംഖധ്വനി മുഴക്കണം, ബാബയുടെ പരിചയം നൽകണം.

കൈയിൽ ചിത്രമുണ്ടായിരിക്കണം ഈ ലക്ഷ്മീ-നാരായണൻ ഭാരതത്തിന്റെ അധികാരികളായിരുന്നു. ഇപ്പോൾ കലിയുഗമാണ്. വീണ്ടും ബാബ വന്നിരിക്കുന്നു - രാജ്യ ഭാഗ്യം നൽകുന്നതിന്. ഞങ്ങൾ ബ്രഹ്മാ കുമാരനും കുമാരിമാരും പഠിച്ചുകൊണ്ടിരിക്കുകയാണ്, മുത്തച്ഛനിൽ നിന്ന് സമ്പത്തെടുത്തു കൊണ്ടിരിക്കുന്നു. നിങ്ങൾക്കും എടുക്കണമെങ്കിൽ എടുത്തോളൂ. ഇതാണ് നിങ്ങളുടെ ക്ഷണം പിന്നീട് ധാരാളം പേർ വരും, വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. ശിവ ജയന്തിയിലും വളരെ നന്നായി ശബ്ദം പരക്കും. ശരി!

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ ലഭിച്ച മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ഡ്രാമയുടെ പാളത്തിൽ ഉറച്ച് കഴിയണം. ഒരു കാര്യത്തിലും ക്ഷുഭിതരാകരുത്. സദാ സന്തുഷ്ടരായി കഴിയണം.

2) പരസ്പരം ജാഗ്രതപ്പെടുത്തി ഉന്നതി നേടണം. ജോലിയെല്ലാം ചെയ്തുകൊണ്ടും ബാബയുടെ ഓർമ്മയിൽ കഴിയുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം.

## വരദാനം:- സുഖ സ്വരൂപമായി എല്ലാവർക്കും സുഖം നൽകുന്ന മാസ്റ്റർ സുഖദാതാവായി ഭവിക്കൂ

സംഗമയുഗീ ബ്രാഹ്മണൻ അർത്ഥം ദുഃഖത്തിന്റെ പേരോ-അടയാളമോ ഇല്ല എന്തുകൊണ്ടെന്നാൽ സുഖദാതാവിന്റെ കുട്ടികൾ മാസ്റ്റർ സുഖദാതാവാണ്. ആരാണോ മാസ്റ്റർ സുഖദാതാവ്, സുഖ സ്വരൂപരായിട്ടുള്ളത് അവർക്കെങ്ങനെ സ്വയം ദുഃഖത്തിലേക്ക് വരാൻ സാധിക്കും. ബുദ്ധികൊണ്ട് ദുഃഖധാമത്തിൽ നിന്ന് കര ചേർന്നിരിക്കുന്നു. അവർ സ്വയം സുഖ സ്വരൂപമായി കഴിയുക തന്നെ ചെയ്യുന്നു കൂടാതെ മറ്റുള്ളവർക്കും സദാ സുഖം നൽകുന്നു. ഏതുപോലെയാണോ ബാബ ഓരോ ആത്മാവിനും സദാ സുഖം നൽകുന്നത് അതുപോലെ എന്താണോ ബാബയുടെ കർത്തവ്യം അത് തന്നെയാണ് കുട്ടികളുടെയും കർത്തവ്യം. ആരെങ്കിലും ദുഃഖം നൽകിക്കൊണ്ടിരിക്കുകയാണെങ്കിലും താങ്കൾക്ക് ദുഃഖം നൽകാൻ സാധിക്കില്ല, താങ്കളുടെ സ്ലോഗനാണ് "ദുഃഖം കൊടുക്കരുത്, ദുഃഖം എടുക്കരുത്".

## സ്ലോഗൻ:- ഹർഷിതമാകുന്നതിന്റെയും ഗംഭീരമാകുന്നതിന്റെയും ബാലൻസ് ധാരണ ചെയ്ത് ഏകരസ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ.